ഭരണഭാഷ-മാതൃഭാഷ

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി

വികാസ് ഭവൻ, തിരുവനന്തപുരം

വിഷയം:- ഡി.ഇ.എസ് – ജീവനക്കാര്യം – ഓഫീസ് അറ്റന്റഡന്റ് ജീവനക്കാർക്ക് തസ്തികമാറ്റം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. 20/02/2009 ലെ ജി.ഒ (പി) നമ്പർ 9/2009/പിഎൽജി നമ്പർ സർക്കാർ ഉത്തരവ്.
2. 10/02/2021 ലെ ജി.ഒ (പി) 27/2021/ഫിൻ നമ്പർ സർക്കാർ ഉത്തരവ്.
3. ഈ ആഫീസിലെ 08/02/2021, 09/07/2021 തീയതികളിലെ ഡിഇഎസ് 295/2021 - ഇ.എ(1) നമ്പർ ഉത്തരവുകൾ
4. ആലപ്പുഴ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 23/12/2020 ലെ ഇ(2) 2647/2020/ഡിഒഎ നമ്പർ കത്ത്
5. ഇടുക്കി ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 22/07/2021 ലെ എ2-3195/2018/ഡിഒഐ നമ്പർ കത്ത്
6. കണ്ണൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 06/07/2021, 22/07/2021 തീയതികളിലെ ഇബി(2) 1266/2020/ഡിഒസി നമ്പർ കത്തുകൾ.
7. ആലപ്പുഴ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 23/07/2021 ലെ ഇ(2) 1226/2021/ഡിഒഎ നമ്പർ കത്ത്
8. കണ്ണൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 20/07/2021 ലെ ഇബി(2) 1712/2021/ഡിഒസി നമ്പർ കത്ത്
9. തൃശ്ശൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 22/07/2021 ലെ ഇഎ(2) 349/2019/ഡി.ഒ.ആർ നമ്പർ കത്ത്
10. ഗ്രഡേഷൻ സെല്ലിന്റെ 30/09/2020 ലെ ഡിഇഎസ്/99/2020/ജിആർസി നമ്പർ സീനിയോരിറ്റി ലിസ്റ്റ്.

**ഉത്തരവ് നം.ഇഎ (3) 21000/2019/ഡിഇഎസ്, തീയതി.26/07/2021**

കേരള സ്റ്റാറ്റിസ്റ്റിക്കൽ ആന്റ് ഇക്കണോമിക്സ് സബോർഡിനേറ്റ് സർവ്വീസ് ചട്ട പ്രകാരം ഓഫീസ് അറ്റൻഡന്റ് സർവ്വീസിൽ ബി.എ(ഇക്കണോമിക്സ്) /ബി.എസ്.സി (മാത്ത്സ്/ സ്റ്റാറ്റിസ്റ്റിക്സ്) / ബി.കോം [വിത്ത് സ്റ്റാറ്റിസ്റ്റിക്സ്/ ബിസിനസ്സ് സ്റ്റാറ്റിസ്റ്റിക്സ് ] ബി.എസ്.സി അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് യോഗ്യത ഉള്ളവരും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ മൂന്നു വർഷ സേവനം പൂർത്തിയായിട്ടുള്ളതുമായ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാർക്ക് 10:1 എന്ന അനുപാതത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി തസ്തികമാറ്റം നിയമനം പരാമർശം (1) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

പരാമർശം (10) സീനിയോരിറ്റി ലിസ്റ്റ് പ്രകാരവും, ടി ലിസ്റ്റ് നിലവിൽ വന്നതിന് ശേഷവും നിർദ്ദിഷ്ട യോഗ്യത നേടിയതുമായ താഴെ പറയുന്ന ഓഫീസ് അറ്റൻഡന്റ്മാർക്ക് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിലേയക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്.

| ക്രമ നം | പേര് | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം | നിലവിൽ സേവനമനുഷ്ഠിക്കുന്ന ഓഫീസ് |
|---|---|---|---|
| 1 | ശ്രീ.പ്രസാദ്.എൻ.പി | 04 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, ചേർത്തല |
| 2 | ശ്രീമതി.സൗമ്യ.എൻ.ജി | 28 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, തൊടുപുഴ |
| 3 | ശ്രീമതി.പ്രസന്ന മരത്താൻകോവിൽ | 32 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, തളിപ്പറമ്പ് |

സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി ഉദ്യോഗക്കയറ്റം ലഭിക്കുമ്പോൾ ചുവടെ ചേർത്ത പ്രകാരം നിയമനം നൽകണമെന്ന് പ്രസ്തുത ജീവനക്കാർ ഓപ്ഷൻ സമർപ്പിച്ചിട്ടുണ്ട്.

| ക്രമ നം | പേര് | തിരഞ്ഞെടുത്ത ജില്ല |
|---|---|---|
| 1 | ശ്രീ.പ്രസാദ്.എൻ.പി | ആലപ്പുഴ |
| 2 | ശ്രീമതി.സൗമ്യ.എൻ.ജി | ഇടുക്കി |
| 3 | ശ്രീമതി.പ്രസന്ന മരത്താൻകോവിൽ | കണ്ണൂർ |

തസ്തികമാറ്റം വഴിയുള്ള ഉദ്യോഗക്കയറ്റത്തിനായി ആലപ്പുഴ ജില്ലയിൽ നിലിവിൽ ഒഴിവില്ലെന്ന് ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ടി ഓഫീസ് അറ്റൻഡന്റുമാർക്ക് 31100-66800 രൂപ ശമ്പള സ്കെയിലിൽ തസ്തികമാറ്റ നിയമനം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി ഭരണസൗകര്യാർത്ഥവും, അപേക്ഷ പ്രകാരവും ഉദ്യോഗക്കയറ്റം നൽകി അവരവരുടെ പേരിനു നേരെ ചേർത്തിട്ടുള്ള ഓഫീസിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പേര് | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി നിയമിച്ച ഓഫീസ് |
|---|---|---|
| 1 | ശ്രീ.പ്രസാദ്.എൻ.പി | സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, ജില്ലാ ഓഫീസ്, തൃശ്ശൂർ |
| 2 | ശ്രീമതി.സൗമ്യ.എൻ.ജി | സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, ജില്ലാ ഓഫീസ്, ഇടുക്കി |
| 3 | ശ്രീമതി.പ്രസന്ന മരത്താൻകോവിൽ | സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, ജില്ലാ ഓഫീസ്, കണ്ണൂർ |

സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പ് ആലപ്പുഴ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ന്റെ തസ്തികമാറ്റ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് ശ്രീ.പ്രസാദ്.എൻ.പി ക്ക് ടി ജില്ലയിൽ നിയമനം നൽകേണ്ടതാണ്.

ടി ജീവനക്കാരെ യഥാസമയം വിടുതൽ ചെയ്യേണ്ടതും ഉദ്യോഗക്കയറ്റം ലഭിച്ച തസ്തികയിൽ ബന്ധപ്പെട്ട നിയമനാധികാരി മുമ്പാകെ ജോലിയിൽ പ്രവേശിക്കാൻ ഹാജരാകേണ്ടതുമാണ്.

ടി ജീവനക്കാർ വിടുതൽ ചെയ്യുന്നതും ജോലിയിൽ പ്രവേശിക്കുന്നതുമായ വിവരങ്ങൾ യഥാസമയം ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)

**നിപുൺ ജോസഫ്**

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :

1) ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, ജില്ലാ ആഫീസ്, ആലപ്പുഴ,തൃശ്ശൂർ, ഇടുക്കി, കണ്ണൂർ.
2) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം, (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
3) ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ എന്നിവരുടെ സി.എ
4) ഗ്രഡേഷൻ സെൽ / വിജിലൻസ്
5). ഫയൽ / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ)**

സിസി